**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **27-02-2023 - ൽ മറുപടിയ്ക്ക്**

**ധനസ്ഥിതി മെച്ചപ്പെടുത്താൻ കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നോട്ട് നിരോധനവും മഹാ പ്രളയങ്ങളും കോവിഡും തകർത്ത സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനായി കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മഹാ പ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളും ഉണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം 2022 ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനു പുറമേ സംസ്ഥാനത്തിന് അനുവദിച്ചു വരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങി വരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജും നികുതിവിഹിതം പങ്കു വയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ |

എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത ആഘാതം ഏൽപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജിഎസ്ടിയുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽ നിന്ന് 60:40 അനുപാതത്തിലേക്ക് വർദ്ധിപ്പിക്കുക, അസാധാരണമാം വിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്.<br><br>മേൽ പ്രതിപാദിത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 22.07.2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് ഒരു കത്തും 19-01-2023 ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം ഉൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനങ്ങളെ സാമ്പത്തികമായി തകർക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളെ തിരുത്തുവാനും ബദൽ നടപടികൾ സ്വീകരിക്കുവാനും മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മഹാ പ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായ നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളും ഉണ്ടായി. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര വിഹിതം **2022** ജൂലൈ മാസത്തിൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ പരിതാപകരമാകാൻ കാരണമായി. ഇതിനു പുറമേ സംസ്ഥാനത്തിന് അനുവദിച്ചു വരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ പൂൾ) പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങി വരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജും നികുതിവിഹിതം പങ്കു വയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം |

തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത ആഘാതം ഏൽപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക, സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പങ്കിടുന്ന ജിഎസ്ടിയുടെ വരുമാനം നിലവിലെ 50:50 അനുപാതത്തിൽ നിന്ന് 60:40 അനുപാതത്തിലേക്ക് വർദ്ധിപ്പിക്കുക, അസാധാരണമാം വിധം ഈടാക്കുന്ന ഉയർന്ന സെസുകളും സർചാർജുകളും നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കേന്ദ്രവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കാൻ അനുവാദം നൽകുക, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുക, ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കുക എന്നീ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക എന്നതുപോലുള്ള പൊതുവായ ആവശ്യങ്ങളിൽ മറ്റു സംസ്ഥാനങ്ങളുമായി

| | | | |
|---|---|---|---|
| | | | യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്.<br><br>മേൽ പ്രതിപാദിത പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 22.07.2022-ലെ 134/2022/എം.ധന നമ്പർ പ്രകാരം സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിക്ക് ഒരു കത്തും 19-01-2023 ലെ 133/CM/2023 നമ്പർ പ്രകാരം മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് ഒരു നിവേദനം ഉൾപ്പെടുന്ന കത്തും സമർപ്പിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ